നം.എച്ച്2/35637/14

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 09.10.2014

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - സർക്കാർ/എയ്ഡഡ് സ്കൂളുകൾ - കുട്ടികളുടെ പ്രവേശനം - വ്യാജ അഡ്മിഷനുകൾ നീക്കം ചെയ്യൽ - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1. 01.10.2011 ലെ ജി.ഒ(പി) നമ്പർ 199/2011/പൊ.വി.വ.
2. 29.11.2013 ലെ ജി.ഒ(പി) നമ്പർ 313/2013/പൊ.വി.വ.
3. 04.07.2014 ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 124/2014/പൊ.വി.വ.

സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2014-15 വർഷത്തെ തസ്തിക നിർണയ നടപടികൾ അവസാനഘട്ടത്തിലാണ്. ബഹു. ഹൈക്കോടതിയുടെ ഉത്തരവുകൾ വഴി തസ്തിക നിർണയം സ്റ്റേ ചെയ്യപ്പെട്ടിട്ടില്ലാത്ത മുഴുവൻ വിദ്യാലയങ്ങളുടെയും തസ്തിക നിർണയ ഉത്തരവുകൾ പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു.

ഓരോ സ്കൂളിലെയും തസ്തിക നിർണയത്തിന്റെയും ജീവനക്കാരുടെയും വിവരങ്ങൾ ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) ലഭ്യമാണ്. വെബ്സൈറ്റിലെ "School Employees details' എന്ന ലിങ്കിൽ ക്ലിക്കുചെയ്താൽ ലഭിക്കുന്ന ജില്ല, വിദ്യാഭ്യാസ ജില്ല, വിദ്യാഭ്യാസ ഉപജില്ല എന്നിവ വഴി സ്കൂളിൽ പ്രവേശിക്കാനാകും. സ്കൂളിന്റെ പേരിൽ ക്ലിക്കുചെയ്താൽ സ്കൂളിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, ഓരോ ക്ലാസ്സിലെയും കുട്ടികളുടെ എണ്ണം (2014-15), ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണം, UID ലഭിച്ച കുട്ടികളുടെ എണ്ണം, Valid UID എണ്ണം, Invalid UID എണ്ണം, Paritially match UID എണ്ണം, 2014-15 ൽ അനുവദിച്ചിട്ടുള്ള തസ്തികകൾ, ജീവനക്കാരുടെ വിവരങ്ങൾ എന്നിവ ദൃശ്യമാകും. ഓരോ ക്ലാസിലെയും Invalid UID സംഖ്യയിൽ ക്ലിക്കുചെയ്താൽ ഏതൊക്കെ കുട്ടികളുടെ UID ആണ് Invalid എന്നറിയാം. പൊതു സമൂഹത്തിന്റെ അറിവിലേക്കുകൂടിയാണ് ഈ വിവരങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

സ്കൂളുകളിലെ 'സമ്പൂർണ' യിലുള്ള വിവരങ്ങളും തസ്തിക നിർണയ ഉത്തരവിലുള്ള വിവരങ്ങളും തമ്മിൽ പ്രകടമായ പൊരുത്തക്കേടുകൾ കണ്ട ഏതാനും സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സൂപ്പർ ചെക്ക് സെല്ലും വിദ്യാഭ്യാസ ഉപഡയറക്ടർമാരും പരിശോധന നടത്തിയിരുന്നു. ഫലം ഞെട്ടിക്കുന്നതായിരുന്നു. 'സമ്പൂർണ' പ്രകാരം '826' വിദ്യാർഥികൾ പഠിക്കുന്ന തലസ്ഥാന ജില്ലയിലെ ഒരു സ്കൂളിൽ പരിശോധനാ ദിവസം ഹാജരുണ്ടായിരുന്നത് വെറും '138' കുട്ടികളായിരുന്നു. പരിശോധന കഴിഞ്ഞ് രണ്ട് മാസം പിന്നിട്ടിട്ടും ഈ വിദ്യാലയത്തിലെ കുട്ടികളുടെ ഹാജർ ഒരു ദിവസവും '150' കടന്നിട്ടില്ല എന്നത് പ്രശ്നത്തിന്റെ ഗൗരവം ഏറെ വർധിപ്പിക്കുന്നതാണ്. ഈ വിദ്യാലയത്തിലെ '826' കുട്ടികളിൽ 604 പേർക്ക് UID ഉണ്ട് എന്നതാണ് ഈ വിഷയത്തിലെ ശ്രദ്ധേയമായ കാര്യം. ഈ UID യുടെ ആധികാരികത പരിശോധിച്ചപ്പോഴാണ് ഡിപ്പാർട്ട്മെന്റ് ശരിക്കും ഞെട്ടിയത്. വെറും 103 കുട്ടികൾക്കാണ് ഈ

വിദ്യാലയത്തിൽ ശരിയായ UID ഉള്ളത്. 1943 ൽ ജനിച്ച ആളിന്റെ UID പോലും എന്റർ ചെയ്തിട്ടുണ്ടായിരുന്നു ഇവിടെ! കുട്ടികളുടെ എണ്ണം കൃത്രിമ മാർഗങ്ങളിലൂടെ പെരുപ്പിച്ചുകാട്ടി അർഹതയില്ലാത്ത ഡിവിഷനുകളും തസ്തികകളും ഉണ്ടാക്കിയതിന് പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നു കണ്ടെത്തിയ പ്രഥമാധ്യാപികയടക്കം 25 അധ്യാപകരെയാണ് അച്ചടക്ക നടപടികളുടെ ഭാഗമായി ഈ വിദ്യാലയത്തിൽനിന്ന് ഇക്കാര്യത്തിൽ സസ്പെന്റ് ചെയ്തിട്ടുള്ളത്. തലസ്ഥാന ജില്ലയിലെ തന്നെ മറ്റൊരു വിദ്യാലയത്തിൽ സമാനമായ വിഷയത്തിൽ, കുട്ടികളുടെ എണ്ണം പെരുപ്പിച്ചു കാട്ടിയത് പിടിക്കപ്പെട്ടപ്പോൾ പുറത്തു വന്നത് ഏകദേശം 410 കുട്ടികളുടെ തട്ടിപ്പാണ്. ഇവിടെ പ്രഥമാധ്യാപകനടക്കം 27 അധ്യാപകരാണ് സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത്. മറ്റ് ജില്ലകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നടത്തിയ പരിശോധനകളിലും ഇത്തരം കേസുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരളത്തിലെ വിദ്യാഭ്യാസ ചരിത്രത്തിൽ സവിശേഷ ശ്രദ്ധയാർജിച്ച ഒന്നാണ് സൂചന 1 ലെ ഉത്തരവ് വഴി നടപ്പാക്കിയ അധ്യാപക പാക്കേജ്. ശമ്പളമില്ലാതെ ജോലി നോക്കിയിരുന്ന 3361 അധ്യാപകർക്കും, നൂറ്റി എഴുപതോളം സ്പെഷ്യലിസ്റ്റ് അധ്യാപകർക്കും, പ്രൊട്ടക്ഷന് അർഹതയില്ലാതെ തസ്തിക നഷ്ടമായി പുറത്തായിരുന്ന ഏകദേശം 1200 റിട്രഞ്ച്ഡ് അധ്യാപകർക്കും, നിയമനാംഗീകാരം ലഭിക്കുന്നതിന് കാരണമായ ഈ ഉത്തരവ് വർത്തമാന കാലഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഏറ്റവും തിളക്കമാർന്ന ഒന്നാണ്. ഈ ഉത്തരവ് രൂപംകൊള്ളുന്ന വേളയിൽതന്നെ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം പെരുപ്പിച്ചു കാട്ടി അർഹതയില്ലാത്ത ഡിവിഷനുകളും തസ്തികകളും നേടിയെടുക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും, അത്തരത്തിൽ വ്യാജമായി ചേർത്തിരിക്കുന്ന കുട്ടികളെ മുഴുവൻ ഒഴിവാക്കണമെന്നും, നിലവിൽ നിയമനാംഗീകാരത്തോടെ തുടരുന്ന അധ്യാപകരാരെയും അത് പ്രതികൂലമായി ബാധിക്കുകയില്ലെന്നുമുള്ള അറിയിപ്പ് അന്നത്തെ പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി എല്ലാ പ്രഥമാധ്യാപകർക്കും നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ വ്യാജ അഡ്മിഷനുകൾ ഒഴിവാക്കി അഡ്മിഷൻ പ്രക്രിയയും ക്ലാസ്മുറികളും ശുദ്ധീകരിച്ച നിരവധി വിദ്യാലയങ്ങളുണ്ട് എന്ന വസ്തുത സന്തോഷത്തോടെ അനുസ്മരിക്കുകയാണ്.

എന്നാൽ 2014-15 ലെ തസ്തിക നിർണയത്തിനോടനുബന്ധിച്ച് സ്കൂൾ പരിശോധനകൾ നടന്നപ്പോഴാണ് കുട്ടികളുടെ പ്രവേശന കാര്യത്തിൽ വിദ്യാഭ്യാസവകുപ്പിനാകെ നാണക്കേടുണ്ടാക്കുന്ന അനഭിലഷണീയ പ്രവണതകൾ തുടരുന്ന വിദ്യാലയങ്ങൾ ഇപ്പോഴുമുണ്ടെന്ന വസ്തുത ശ്രദ്ധയിൽപെട്ടത്. 150 നെ 826 ആക്കുന്ന തരത്തിൽ കൃത്രിമം കാട്ടുന്ന നിരവധി വിദ്യാലയങ്ങളാണ് ഈ ശ്രേണിയിലുള്ളതായി കണ്ടെത്തിയിട്ടുള്ളത്. ലോക ശ്രദ്ധയാകർഷിച്ച വിദ്യാഭ്യാസ വിപ്ലവം നടപ്പാക്കിയ കേരളത്തിലെ അധ്യാപക സമൂഹമാകെ ശിരസ്സ് കുനിക്കേണ്ട പ്രവൃത്തിയാണിവർ ചെയ്തുകൊണ്ടിരിക്കുന്നത്. സമ്പൂർണയിൽ എന്റർ ചെയ്തിട്ടുള്ള ഓരോ വിദ്യാർഥിയുടെയും യു.ഐ.ഡി./ഇ.ഐ.ഡി. യുടെ അടിസ്ഥാനത്തിൽ കുട്ടിയുടെ ഐഡന്റിറ്റിയും മറ്റ് വിവരങ്ങളും നിമിഷങ്ങൾകൊണ്ട് കൃത്യമായി ലഭ്യമാകുന്ന സാങ്കേതികവിദ്യ ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിനുണ്ട്. അതുകൊണ്ടുതന്നെ കൃത്രിമം കാട്ടിയിട്ടുള്ള സ്കൂളുകളെ കണ്ടെത്തി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നത് മുൻകാലങ്ങളിലെപ്പോലെ ഏറെ സമയമെടുക്കുന്ന ഒരു പ്രക്രിയയല്ല. ഇതിനായി പ്രത്യേക സ്ക്വാഡുകൾ രൂപവത്കരിച്ച് പഴുതുകളടച്ചുകൊണ്ടുള്ള അന്വേഷണത്തിനും അച്ചടക്കനടപടികൾക്കും ആവശ്യമായ നിയമനിർമാണം നടത്തുന്ന കാര്യവും സർക്കാർ പരിഗണിച്ചു വരികയാണ്. ഡിപ്പാർട്ടുമെന്റ് ഇക്കാര്യത്തിൽ നടത്തുന്ന അന്വേഷണത്തിനൊടുവിൽ കുറ്റക്കാരെന്നു കണ്ടെത്തുന്ന ജീവനക്കാരെ സർവീസിൽനിന്നു സ്ഥിരമായി നീക്കം ചെയ്യുന്നതായിരിക്കും.

എന്നാൽ ഇത് ചെയ്യുന്നതിനുമുൻപ് തെറ്റ് തിരുത്താനും നിലവിലുള്ള വ്യാജ അഡ്മിഷനുകളെല്ലാം നീക്കം ചെയ്യാനും സർക്കാർ/എയ്ഡഡ് സ്കൂൾ

പ്രഥമാധ്യാപകർക്ക് ഒരവസരം കൂടി നൽകാൻ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. 2011 ൽ ഇങ്ങനെയൊരവസരം നൽകിയപ്പോൾ പല കാരണങ്ങൾകൊണ്ട് അത് പ്രയോജനപ്പെടുത്താൻ കഴിയാതെ പോയവരുണ്ട്. ഇപ്പോൾ നൽകുന്ന ഈ അവസരം ഉപയോഗിച്ച് സ്കൂളിലെ വ്യാജ അഡ്മിഷനുകളെല്ലാം നീക്കം ചെയ്യുന്നവരുടെ പേരിൽ പ്രസ്തുത വ്യാജ അഡ്മിഷനുകൾ സൃഷ്ടിച്ചതുസംബന്ധിച്ച അച്ചടക്കനടപടികൾ ഒന്നുംതന്നെ സ്വീകരിക്കുന്നതല്ല. സ്കൂളുകളിലെ വ്യാജ അഡ്മിഷനുകളെല്ലാം നീക്കം ചെയ്യാൻ ആഗ്രഹിക്കുന്ന പ്രഥമാധ്യാപകർ ചെയ്യേണ്ട നടപടികൾ താഴെപ്പറയുന്നു :

- ഐ.ടി@സ്കൂളിന്റെ വെബ്സൈറ്റിലെ 6th working day status ൽ ക്ലിക്കു ചെയ്ത് സമ്പൂർണ്ണ യൂസർനെയിം, പാസ്‌വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുക.

- തുടർന്ന് ദൃശ്യമാകുന്ന Registration എന്ന മെനു വഴി Yes ബട്ടൺ ക്ലിക്കു ചെയ്യുക. ഇതോടെ സ്കൂളിന്റെ പേര് രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞു.

- രജിസ്ട്രേഷൻ നടപടികൾ അവസാനിച്ചതിനുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദേശാനുസരണം പ്രസ്തുത സ്കൂളിന്റെ '6th working day strength 2014-15' ഐ.ടി.@ സ്കൂൾ അധികൃതർ റീസെറ്റ് ചെയ്യും. തുടർന്ന് ഓരോ ക്ലാസ് ഡിവിഷനുകളിലുമുള്ള കുട്ടികളുടെ എണ്ണവും മറ്റ് വിവരങ്ങളും പ്രഥമാധ്യാപകർക്ക് എഡിറ്റ് ചെയ്ത് തെറ്റുകൾ തിരുത്തി സബ്മിറ്റ് ചെയ്യാം.

- ഒരു കുട്ടി മാത്രമേ വ്യാജ അഡ്മിഷനായുള്ളൂ എങ്കിലും ആ പേര് നീക്കം ചെയ്യാനും ബന്ധപ്പെട്ട സ്കൂളിന്റെ പേര് മേൽപ്പറഞ്ഞ രീതിയിൽ രജിസ്റ്റർ ചെയ്യണം.

- '6th working day strength 2014-15' ലെ വിവരങ്ങളിൽ ആവശ്യമായ തിരുത്തൽ വരുത്തി സബ്മിറ്റ് ചെയ്തു കഴിഞ്ഞാൽ അതിന്റെ പ്രിന്റൗട്ട് ക്ലാസ്ടീച്ചറും പ്രഥമാധ്യാപകനും ഒപ്പിട്ട ഒരു പകർപ്പ് ബന്ധപ്പെട്ട എ.ഇ.ഒ./ഡി.ഇ.ഒ. ഓഫീസിൽ സമർപ്പിക്കണം. (എല്ലാ ക്ലാസ് ഡിവിഷനുകളുടെയും പ്രിന്റൗട്ട് എടുത്ത് നൽകാൻ പ്രത്യേകം ശ്രദ്ധിക്കണം.)

- ഒക്ടോബർ 14 മുതൽ 18 വരെയാണ് പ്രഥമാധ്യാപകർക്ക് രജിസ്റ്റർ ചെയ്യാനുള്ള സമയപരിധി. 18 നുശേഷം ഈ സൈറ്റ് ലഭ്യമാകില്ല. 18 വരെ ലഭിച്ച രജിസ്ട്രേഷനുകൾ അവലോകനം ചെയ്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ ബന്ധപ്പെട്ട സ്കൂളുകളുടെ '6th working day strength 2014-15' റീസെറ്റ് ചെയ്യുന്നതാണ്. ഒക്ടോബർ 20 മുതൽ 25 വരെ മാത്രമേ '6th working day strength 2014-15' ൽ എഡിറ്റിംഗ് അനുവദിക്കുകയുള്ളൂ. ഒക്ടോബർ 27 ന് ക്ലാസ് ഡിവിഷൻതല പ്രിന്റൗട്ടുകൾ എ.ഇ.ഒ./ഡി.ഇ.ഒ. ഓഫീസിൽ എത്തിക്കണം. ഈ സമയക്രമത്തിൽ യാതൊരു മാറ്റവും വരുത്തുന്നതല്ല.

- '6th working day strength 2014-15' ലെ എണ്ണത്തിൽ മാറ്റം വരുത്തേണ്ട സ്കൂളുകൾ മാത്രമേ സൈറ്റിൽ പ്രവേശിച്ച് 'Yes' ബട്ടൺ ക്ലിക്കുചെയ്യാവൂ. മറ്റുള്ള സ്കൂളുകൾ സൈറ്റിൽ പ്രവേശിക്കേണ്ടതില്ല.

ഈ ശുദ്ധീകരണ പ്രക്രിയ അവസാനിക്കുന്നതോടെ നമ്മുടെ ക്ലാസ്മുറികളിൽ നിന്ന് വ്യാജ അഡ്മിഷനുകൾ എന്ന കളങ്കം എന്നെന്നേക്കുമായി ഒഴിഞ്ഞുപോകണം. നവംബർ മാസത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ

പ്രത്യേക സ്ക്വാഡുകൾ നടത്തുന്ന പരിശോധനയിൽ ഇത്തരത്തിലുള്ള ഒരു കുട്ടിയെപ്പോലും കണ്ടെത്താനിടവരരുത്. ഓരോ ക്ലാസ് ഡിവിഷനിലെയും കുട്ടികളുടെ അകൃത്രിമത ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട ക്ലാസ് ടീച്ചർക്കും പ്രഥമാധ്യാപകനും മാത്രമായിരിക്കും എന്ന കാര്യം വിസ്മരിക്കരുത്. ഒക്ടോബർ 21 കഴിഞ്ഞാൽ 'ഹാജർപുസ്തകത്തിൽ മാത്രം കാണുന്ന കുട്ടികൾ' ഒരു ഡിവിഷനിലും ഉണ്ടാകരുത്. അപ്രകാരം സംഭവിക്കുകയാണെങ്കിൽ ബന്ധപ്പെട്ട ക്ലാസ്ടീച്ചറെയും' പ്രഥമാധ്യാപകനെയും സർവീസിൽ നിന്നു മാറ്റിനിർത്തിക്കൊണ്ടുതന്നെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

എൽ. രാജൻ
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
. പൂർണ അധികച്ചുമതലയുള്ള
അഡീഷണൽ ഡയറക്ടർ (ജനറൽ)

<u>സ്വീകർത്താക്കൾ</u> :

1. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും
   (എ.ഇ.ഒ/ഡി.ഇ.ഒ-മാർ വഴി)
   (പ്രഥമാധ്യാപകർ ഈ സർക്കുലറിന്റെ പകർപ്പ് സ്കൂളിലെ എല്ലാ അധ്യാപകർക്കും നൽകി രസീത് സൂക്ഷിക്കേണ്ടതാണ്).
2. എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാർക്കും (എ.ഇ.ഒ/ഡി.ഇ.ഒ-മാർ വഴി)
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
   (എ.ഇ.ഒ/ഡി.ഇ.ഒ-മാർ 13.10.2014 ന് പ്രഥമാധ്യാപക യോഗങ്ങൾ വിളിക്കേണ്ടതും ഈ സർക്കുലറിലെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സർക്കുലറിന്റെ പകർപ്പ് അന്നേദിവസം പ്രഥമാധ്യാപകർക്ക് നൽകി രസീത് സൂക്ഷിക്കണം. ജില്ലാ/സബ്ജില്ലാതലങ്ങളിലെ സ്കൂളുകളിൽ ഈ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഒരു വ്യാജ അഡ്മിഷൻപോലും ഇല്ലാത്ത വിദ്യാഭ്യാസ ജില്ല/ഉപജില്ല എന്നതാകണം നമ്മുടെ ലക്ഷ്യം.

   ഉപജില്ലയിലെ/ ജില്ലയിലെ എല്ലാ അധ്യാപകരും ഈ സർക്കുലർ വായിച്ചിട്ടുണ്ടെന്ന് എ.ഇ.ഒ/ഡി.ഇ.ഒ-മാർ ഉറപ്പുവരുത്തേണ്ടതാണ്)
5. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
   (ഫലപ്രദമായ മോണിറ്ററിംഗിന്)
6. എല്ലാ അംഗീകൃത അധ്യാപക സംഘടനകളുടെയും പ്രസിഡന്റ് / ജനറൽ സെക്രട്ടറിമാർക്ക്

<u>പകർപ്പ്</u>

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിനും)